# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3439 23.06.2014-ൽ മറുപടിയ്ക്ക്**

**<u>സ്കൂൾ - കോളേജ് പരിസരങ്ങളിലെ നിരോധിത ഉല്പന്നങ്ങളുടെ വിതരണം</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) സ്കൂൾ - കോളേജ് പരിസരങ്ങളിൽ നിരോധിത ഉല്പന്നങ്ങളുടെ വില്പനയും, മദ്യ-മയക്ക് മരുന്ന് വില്പനയും തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് വ്യക്തമാക്കുമോ ; | (എ) സ്കൂൾ - കോളേജ് പരിസരങ്ങളിൽ നിരോധിത ഉല്പന്നങ്ങളുടെയും മദ്യം, മയക്കമരുന്ന് എന്നിവയുടെയും വില്പന തടയുന്നതിനായി തുടർച്ചയായ റെയ്ഡും പട്രോളിംഗും നടത്തിയും സ്കൂൾ സമയങ്ങളിൽ പോലീസ് സാന്നിദ്ധ്യം ഉറപ്പു വരുത്തിയും, കുറ്റക്കാർക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിച്ചും വരുന്നു. കൂടാതെ, സ്കൂൾ-കോളേജ് തലങ്ങളിൽ സ്കൂൾ ജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി, ജനമൈത്രി പോലീസ് പദ്ധതി എന്നിവ മുഖേന കുട്ടികളുടെ ഇടയിൽ മദ്യ-മയക്കമരുന്ന് ഉപയോഗവും വില്പനയും സംബന്ധിച്ച് വിവര ശേഖരണവും ഇതിനെതിരെ അവബോധവും നൽകുവാനായി ക്ലാസുകളും സംഘടിപ്പിച്ചു വരുന്നു. |
| ബി) വിദ്യാർത്ഥികളിൽ മയക്കമരുന്ന് എത്തിക്കുന്ന ഗൂഢസംഘങ്ങളെ കണ്ടെത്തി നിയമത്തിന് മുമ്പിൽ കൊണ്ടു വരുന്നതിന് ഷാഡോ പോലീസിനും സ്കൂൾ ജാഗ്രതാ സമിതിക്കും നിർദ്ദേശം നൽകുമോ? | (ബി) വിദ്യാർത്ഥികൾക്ക് മയക്കമരുന്ന് എത്തിക്കുന്ന ഗൂഢസംഘങ്ങളെ കണ്ടെത്തി നിയമത്തിന് മുമ്പിൽ കൊണ്ടു വരുന്നതിന് ഷാഡോ പോലീസിന്റെയും സ്കൂൾ ജാഗ്രതാ സമിതിയുടേയും സേവനം ഉപയോഗപ്പെടുത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ